# കുസാറ്റ് ഓൺലൈൻ കാറ്റലോഗ് സമർപ്പിച്ചു

കളമശേരി ● കൊച്ചി സർവകലാശാലയിലെ എല്ലാ ലൈബ്രറികളിലെയും 2.70 ലക്ഷം പുസ്തകങ്ങളുടെ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന ഓൺലൈൻ യൂണിയൻ കാറ്റലോഗ് ലൈബ്രറി ഉപയോക്താക്കൾക്ക് സമർപ്പിച്ചു.

ലൈബ്രറി ഉപയോക്താക്കൾക്ക് വിജ്ഞാനം ലഭിക്കുന്നതിന് ഏറെ സമയലാഭമുണ്ടാക്കുന്ന ഓൺലൈൻ യൂണിയൻ കാറ്റലോഗിന്റെ ഉദ്ഘാടനം വൈസ്ചാൻസലർ ഡോ.രാമചന്ദ്രൻ തെക്കേടത്ത് നിർവഹിച്ചു. പ്രോ വൈസ്ചാൻസലർ ഡോ.ഗോഡ്ഫ്രെ ലൂയിസ് അധ്യക്ഷത വഹിച്ചു. റജിസ്ട്രാർ ഡോ.എ.രാമചന്ദ്രൻ, കെമിക്കൽ ഓഷ്യനോഗ്രാഫി മേധാവി

ഡോ.എൻ.ചന്ദ്രമോഹനകുമാർ, ലൈബ്രേറിയൻ ബേബി വത്സല എന്നിവർ പ്രസംഗിച്ചു. സർവകലാശാല ലൈബ്രറിയിലെയും ഇരുപത് ഡിപ്പാർട്ട്മെന്റ് ലൈബ്രറികളിലെയും പുസ്തകങ്ങളടക്കമുള്ള വൈജ്ഞാനിക രേഖകളുടെ വിവരങ്ങൾ ഇന്റർനെറ്റിലൂടെ ലഭ്യമാക്കുന്ന സംവിധാനമാണ് ഓൺലൈൻ യൂണിയൻ കാറ്റലോഗ്. ഇന്റർ ലൈബ്രറി ലോൺ സർവീസും കാറ്റലോഗ് മുഖേന ലൈബ്രറി ഉപയോക്താക്കൾക്ക് ലഭ്യമാകും. www.cusatopac.cusat.ac.in എന്ന ലിങ്ക് ആണ് ഓൺലൈൻ കാറ്റലോഗിനായി ഉപയോഗിക്കേണ്ടത്.

ലൈബ്രറി സംവിധാനത്തിൽ പൂർണമായ കംപ്യൂട്ടർവൽക്കരണവും ഇതിന്റെ ഭാഗമായി നടന്നു. ദേശീയ തലത്തിൽ സ്വതന്ത്ര സോഫ്ട്‌വെയർ ഉപയോഗിച്ച് ഒരു സർവകലാശാല ലൈബ്രറി ശൃംഖല കംപ്യൂട്ടർവൽക്കരിക്കുന്നതും ഇതാദ്യമായാണ്. കോഹ എന്ന സ്വതന്ത്ര ലൈബ്രറി സോഫ്ട്‌വെയറാണ് ലൈബ്രറി സംവിധാനത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

ദേശാഭിമാനി 25-2-2012